**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1554** **19-01-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക കടാശ്വാസ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജി ചെറിയാൻ | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക കടങ്ങൾ എഴുതി തള്ളുന്നതിനായി സംസ്ഥാന തലത്തിൽ കാർഷിക കടാശ്വാസ കമ്മീഷനിൽ അപേക്ഷ സമർപ്പിച്ച എത്രപേർക്ക് ആശ്വാസസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2020 മാർച്ച് വരെ 29715 കർഷകർക്ക് ധനസഹായം നൽകുന്നതിന് കടാശ്വാസ കമ്മീഷൻ അവാർഡ് പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിൽ 24210 കർഷകർക്ക് ഇതിനോടകം തുക അനുവദിച്ചിട്ടുണ്ട്. |
| (ബി) | ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ എത്ര പേർക്ക് ആശ്വാസസഹായം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | ജില്ലാ അടിസ്ഥാനത്തിലാണ് കടാശ്വാസ കമ്മീഷൻ സിറ്റിംഗുകൾ നടത്തുന്നത്. ചെങ്ങന്നൂർ മണ്ഡലം ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിൽ 43 കർഷകർക്ക് കടാശ്വാസം അനുവദിച്ച് കടാശ്വാസ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ